# മാലാഖമാരേ, മറയൊല്ലേ!

നേത്രാവതി എക്സ്പ്രസ്സ് പൻവേൽ സ്റ്റേഷന്റെ ഏഴാം നമ്പർ പ്ലാറ്റ് ഫോമിൽവന്നു നിൽക്കുമ്പോൾ കയറാൻ അധികം പേരൊന്നുമുണ്ടായിരുന്നില്ല. തിങ്കളാഴ്ചയായതു കൊണ്ട് ബോംബെയിൽനിന്ന് നാട്ടിലേയ്ക്കു തിരിയ്ക്കുന്നവർ സ്വതേ കുറവായിരിയ്ക്കും. വണ്ടിയിലെ പലേ ബെർത്തുകളും ഒഴിഞ്ഞുകിടക്കുകയായിരുന്നു.

എന്റെ ക്യൂബിക്ക്ളിൽ രണ്ടു പേരേ ഉണ്ടായിരുന്നുള്ളു. എനിയ്ക്കെതിരെയിരിയ്ക്കുന്ന പെൺകുട്ടി ഭക്ഷണം കഴിയ്ക്കുകയായിരുന്നു. വണ്ടി പൻവേൽ വിട്ടതോടെ ഞങ്ങൾ പരിചയപ്പെട്ടു. തലശ്ശേരിക്കാരി ബെസ്സി, ബ്രീച്ച് കാൻഡി ആശുപത്രിയിലാണ് ജോലി.

ഒരു വർഷത്തിനു ശേഷം നാട്ടിലേയ്ക്കു പോവുകയാണ് ബെസ്സി. ഇരുപതു ദിവസത്തെ ലീവുണ്ട്. കൊല്ലത്തിലൊരിയ്ക്കൽ പതിവുള്ള യാത്ര. ഇത്തവണ വിശേഷമായി പറയാൻ ഒരു വിവാഹാലോചനയുണ്ട്. ബാങ്കുദ്യോഗസ്ഥനാണ്. നാട്ടിലായിരുന്നു. ഇപ്പോൾ ജലന്ധറിലാണ്. വിവാഹത്തേപ്പറ്റി പക്ഷേ ഒന്നും ഉറപ്പിയ്ക്കാറായിട്ടില്ല. കാണാൻ പോവുന്നതല്ലേയുള്ളു. ശരിയാവുകയാണെങ്കിൽ തിരിച്ചുവന്ന് ജോലി രാജിവെയ്ക്കും.

ജലന്ധറിലും ആശുപത്രികൾ ഉണ്ടാവുമല്ലോ എന്നു ഞാൻ സംശയിച്ചപ്പോൾ ബെസ്സി ചിരിച്ചു. ഒരു കാരണവശാലും താൻ ഇനി നേഴ്സ് ആയി തുടരാൻ ഉദ്ദേശിയ്ക്കുന്നില്ല. ഈ ജോലി മടുത്തു. ഇപ്പോൾ പ്രൈവറ്റായി എം ബി എയ്ക്കു പഠിയ്ക്കുന്നുണ്ട്.

വല്യമ്മച്ചി കിടപ്പായപ്പോൾ ബെസ്സിയായിരുന്നു നോക്കാൻ. ഒമ്പതിൽ പഠിയ്ക്കുമ്പോഴത്തെ കഥയാണ്. ശുശ്രൂഷയിലുള്ള മിടുക്കു കണ്ട് മോൾ വലുതാവുമ്പോൾ നേഴ്സ് ആയിക്കോട്ടെ എന്ന് പലരും ആശീർവദിച്ചു. അതാണ് തലയ്ക്കു പിടിച്ചത്. ആതുരസേവനത്തോളം മഹത്തായി ഒന്നുമില്ല എന്ന് ധരിച്ചു. വെള്ളയുടുപ്പിട്ട് ആശുപത്രിയിൽ പാറി നടക്കുന്നത് സ്വപ്നം കാണാൻ തുടങ്ങി. പ്ലസ്സ് ടൂ കഴിഞ്ഞപ്പോൾ സംശയിച്ചില്ല. ബാംഗളൂരിൽ ബി എസ് സി നേഴ്സിങ്ങിനു ചേർന്നു. നല്ല പോലെ പഠിച്ചു; ജയിച്ചു. ദില്ലിയിലായിരുന്നു ആദ്യം ജോലി കിട്ടിയത്. ചെറിയ ഒരാശുപത്രിയിൽ. ബ്രീച്ച് കാൻഡി ആശുപത്രിയിൽ ജോലി കിട്ടിയപ്പോൾ വലിയതെന്തോ നേടിയെന്ന് ആഹ്ലാദിച്ചു. പക്ഷേ നേഴ്സിങ്ങ് അത്ര ദിവ്യമായ ജോലിയൊന്നുമല്ലെന്ന് തോന്നിത്തുടങ്ങിയതും ഇവിടെ വന്നതിനു ശേഷമാണ്. ഓരോ മുറിയും പഞ്ചനക്ഷത്രഹോട്ടലുകളിലെ സ്യൂട്ട് പോലെയാണ്. സിനിമാതാരങ്ങളോ വാണിജ്യപ്രമുഖരോ അതുമല്ലെങ്കിൽ വലിയ പണച്ചാക്കുകളോ ആണ് ബ്രീച്ച് കാൻഡിയിൽ ചികിത്സയ്ക്കു വരിക. അതുകൊണ്ടുതന്നെ വളരെ ശ്രദ്ധിയ്ക്കണം അവരെ പരിചരിയ്ക്കാൻ. തൊട്ടടുത്തിരിയ്ക്കുന്ന ഗ്ലാസ്സിൽനിന്ന് വെള്ളമെടുത്തു കൊടുക്കാൻ പോലും അവർ ഞങ്ങളെ വിളിച്ചുവരുത്തും. നിസ്സാരകാര്യങ്ങൾക്കും ഒച്ച വെയ്ക്കും. സൂപ്രണ്ടിനോടു പരാതിപ്പെടും. പ്രത്യേകിച്ചും അപ്രശസ്തരായ പണക്കാർ. സിനിമാതാരങ്ങൾ പോലും ഇത്ര പ്രശ്നങ്ങളുണ്ടാക്കാറില്ല. (അമീർ ഖാനും സഞ്ജയ് ദത്തുമൊക്കെ പാവങ്ങളാണ് എന്ന് ബെസ്സി പറയുന്നു. അതേസമയം ചില നടികളേപ്പറ്റി ബെസ്സിയ്ക്ക് അത്ര നല്ല അഭിപ്രായമല്ല.)

ഈ ജോലിയിൽ ഇത്ര വേഗം മടുപ്പു വരാനുള്ള കാരണമെന്താണ്? അതും ബ്രീച്ച് കാൻഡി പോലെയുള്ള ഒരു പ്രശസ്ത സ്ഥാപനത്തിൽ ജോലിയെടുക്കുന്നവൾക്ക്? മറ്റു പലേ ആശുപത്രികളും നോക്കുമ്പോൾ ബ്രീച്ച് കാൻഡിയിലെ ശമ്പളം ഭേദമാണ്. ബെസ്സിയ്ക്ക് പതിനയ്യായിരം കിട്ടുന്നുണ്ട്. അച്ഛനമ്മമാർക്കും തനിയ്ക്കും തികച്ചും സൗജന്യമായ ചികിത്സ. കാന്റീനിൽ വിഭവസമൃദ്ധമായ ഭക്ഷണം. അതാണെങ്കിൽ തികച്ചും സൗജന്യവും. രാത്രിജോലിയാണെങ്കിൽ പലവ്യഞ്ജനങ്ങളും കാപ്പിപ്പൊടിയും പാലും പഞ്ചസാരയും തരും. അത്യാവശ്യം എന്തെങ്കിലും ഉണ്ടാക്കിക്കഴിയ്ക്കാനുള്ള സൗകര്യവുമുണ്ട്.

പക്ഷേ അതുകൊണ്ടൊന്നും കാര്യമില്ല. പന്ത്രണ്ടു മണിക്കൂറാണ് ജോലി. അതിനിടയിൽ ശ്വാസം വിടാൻ പോലും നേരമുണ്ടാവില്ല. എപ്പോൾ വേണമെങ്കിലും കൈപ്പിഴ പറ്റാം. ഏതു നിമിഷവും പിരിച്ചുവിടപ്പെടാം. നേഴ്സുമാരുടെ ജോലി അടിമപ്പണി പോലെയാണ്. ആശുപത്രിക്കാർ ഒറിജിനൽ സർട്ടിഫിക്കറ്റുകളെല്ലാം വാങ്ങിവെയ്ക്കും. രണ്ടുകൊല്ലത്തേയ്ക്ക് ബോണ്ടുണ്ട്. അതിനുള്ളിൽ തിരിച്ചുകിട്ടണമെങ്കിൽ പതിനായിരം ഉറുപ്പിക കെട്ടിവെയ്ക്കണം. (ബെസ്സിയുടെ സർട്ടിഫിക്കറ്റ് രണ്ടു മാസം മുമ്പ് തിരിച്ചുകിട്ടിയതേയുള്ളു.) ഏഷ്യൻ ഹാർട്ട് ഹോസ്പിറ്റലിൽ ഇത് അമ്പതിനായിരം ഉറുപ്പികയാണ്.

അവിടത്തെ കാര്യങ്ങളെല്ലാം ഇതിലും കഷ്ടമാണ്. നേഴ്സുമാർ വിവാഹിതരാവാൻ പാടില്ല. അഥവാ വിവാഹിതയായാൽത്തന്നെ ഗർഭിണിയാവാൻ പാടില്ല. കണ്ണിൽ ചോരയില്ലാത്ത മാനേജ്മെന്റാണ്. എന്തിനും ഏതിനും കുറ്റം. ആ ഹോസ്പിറ്റലിലെ ബീനാ ബേബി എന്ന മലയാളിപ്പെൺകുട്ടിയുടെ ആത്മഹത്യയാണ് ബോംബെയിലെ നേഴ്സുമാരുടെ ഇടയിൽ ഇത്രയും കാലം പുകഞ്ഞുകൊണ്ടിരുന്ന അസംതൃപ്തി ആളിക്കത്താൻ ഇടയാക്കിയത്.

ബീനാ ബേബിയുടെ മരണത്തിനു ശേഷം അവിടെയുണ്ടായ സമരത്തേത്തുടർന്ന് മലയാളികളായ നാൽപതോളം നേഴ്സുമാർ ജോലി വിട്ടു. അവർക്ക് ആശുപത്രിക്കാർ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് കൊടുത്തില്ല. സെക്യൂരിറ്റിയായി പിടിച്ചുവെച്ച സർട്ടിഫിക്കറ്റുകൾ തിരിച്ചുകിട്ടാൻ പോലും സമരം ചെയ്യേണ്ടിവന്നു. പ്രതികാരത്തിന് കച്ച കെട്ടി ഇറങ്ങിയതു പോലെയായിരുന്നു ഏഷ്യൻ ഹാർട്ട് ഹോസ്പിറ്റൽ മാനേജ്മെന്റ്. രാജി വെച്ചവർക്ക് മറ്റുള്ള ആശുപത്രികളിൽ ജോലി കിട്ടാതിരിയ്ക്കാനും അവർ കിണഞ്ഞു ശ്രമിച്ചു.

ബീനാ ബേബി ഒറ്റപ്പെട്ട സംഭവമായിരുന്നില്ല. ദില്ലിയിലെ രാം മനോഹർ ലോഹ്യാ ആശുപത്രിയിലെ ഒരു മലയാളി നേഴ്സിന്റെ യൂണിഫോം സൂപ്രണ്ട് കീറിപ്പറിച്ചു. കൽക്കത്തയിലെ എ എം ആർ ഐ ആശുപത്രിയിൽ രണ്ടു മലയാളി നേഴ്സുമാർ തീയിൽപ്പെട്ടു മരിച്ചു. ഒന്നിനു പിന്നാലെ മറ്റൊന്നായി അശുഭവാർത്തകൾ. ചോദിയ്ക്കാനും പറയാനും ആരുമില്ലാത്തതു പോലെ. പപ്പയ്ക്കും മമ്മയ്ക്കും പേടിയായിത്തുടങ്ങി. ജോലി വിട്ടു പോരാൻ അവർ നിർബ്ബന്ധിച്ചും തുടങ്ങി. വിവാഹം ശരിയായില്ലെങ്കിലും ബോംബെയിൽ തിരിച്ചു ചെന്നാൽ ഉടനെ ജോലി രാജി വെയ്ക്കാൻ പപ്പ പറഞ്ഞിട്ടുണ്ട്.

അവൾ കുറച്ചുനേരം പുറത്തേയ്ക്കു നോക്കി നിശ്ശബ്ദയായി ഇരുന്നു. ''എനിയ്ക്ക് ഇരുപത്തേഴു വയസ്സായി,'' ബെസ്സി പറഞ്ഞു. ''പപ്പയ്ക്കും മമ്മയ്ക്കും തിടുക്കമായിരിയ്ക്കുന്നു.''

നാലു മക്കളിൽ മൂത്തവളാണ് ബെസ്സി. അനിയൻ ജോഫി ബാംഗളൂരിൽ ബി എസ് സി നേഴ്സിങ്ങിനു പഠിയ്ക്കുന്നു. അനിയത്തി സോഫി ബോംബെയിൽത്തന്നെയുണ്ട്. അവളാണ് ബുദ്ധിമതി. അയാട്ട പാസ്സായി അന്ധേരിയിൽ ഒരു ട്രാവൽ ഏജൻസിയിൽ ജോലിയെടുക്കുന്നു. പാർട് ടൈമായി എം ബി എയ്ക്കു പഠിയ്ക്കുന്നുമുണ്ട്. ഏറ്റവും ഇളയവൾ ഗ്രേസി പത്താം ക്ലാസ്സിലാണ്.

''ഗ്രേസി ഈ പ്രായത്തിൽ പണ്ടത്തെ എന്നേപ്പോലെയാണ്. അവൾക്ക് നേഴ്സിങ്ങ് വളരെ ഇഷ്ടമാണ്. പ്ലസ്സ് ടൂ കഴിഞ്ഞാൽ നേഴ്സിങ്ങിനു പോവണമെന്നാണ് അവളുടെ ആഗ്രഹം. ആതുരശുശ്രൂഷയാണത്രേ ജീവിതലക്ഷ്യം. എനിയ്ക്കാ വാക്കു കേൾക്കുന്നതേ ഇഷ്ടമല്ല. ഞാൻ അവളെ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിച്ചുകൊണ്ടിരിയ്ക്കുകയാണ്.''

ബെസ്സിയുടെ മുഖത്തെ മടുപ്പ് എനിയ്ക്കിപ്പോൾ വളരെ വ്യക്തമായി വായിച്ചെടുക്കാനാവുന്നുണ്ട്. ഈ ചെറിയ കാലയളവിനിടയ്ക്ക് ഈ ജോലിയോടു മടുപ്പു തോന്നണമെങ്കിൽ അവളെത്രമാത്രം അനുഭവിച്ചുകഴിഞ്ഞിട്ടുണ്ടാവണം! ആശിച്ചു തിരഞ്ഞെടുത്ത ജോലിയിൽ സംതൃപ്തി തോന്നാതാവുമ്പോൾ ഉണ്ടാവുന്ന നിരാശത ആർക്കും മനസ്സിലാക്കാവുന്നതേയുള്ളു. പോരാത്തതിന് ഇത് ഒരു ബെസ്സിയുടെ മാത്രം കഥയല്ല. ആശുപത്രികളായ ആശുപത്രികളിലൊക്കെ നേഴ്സുമാർ സമരത്തിലാണല്ലോ.

''ജോഫിയ്ക്ക് ജോലി കിട്ടാനൊന്നും ഇനി അത്ര എളുപ്പമാവില്ല,'' ബെസ്സി പറഞ്ഞു. ''പലേ ആശുപത്രികളും ഇപ്പോൾ മെയിൽ നേഴ്സുമാരെ എടുക്കേണ്ട എന്നു വെച്ചിട്ടുണ്ട്. അവരാണത്രേ സമരങ്ങൾക്ക് മുൻകൈ എടുക്കുന്നത്. പഠിപ്പു തീരുന്നതിനു മുമ്പേത്തന്നെ അവൻ ചിന്താക്കുഴപ്പത്തിലായിട്ടുണ്ട്.''

ആദ്യകാലത്തൊന്നും നേഴ്സിങ്ങ് ഒരു പാഠ്യവിഷയമായിരുന്നില്ല. ആശുപത്രികൾ കാശുവാരിക്കമ്പനികളാവുന്നതിനു മുമ്പ് ചെറിയ ചെറിയ ആതുരാലയങ്ങളിൽ ഡോക്ടർമാർക്ക് ഒരു കൈസഹായം പോലെയാണ് നേഴ്സുമാരുടെ വരവ്. അവർ ഡോക്ടർമാരുടെ കണ്ണിൽ ഒരു പരിചാരികയ്ക്കപ്പുറമൊന്നുമായിരുന്നില്ല. സന്തോഷത്തിന് എന്തെങ്കിലും കൊടുക്കുക എന്നതിനപ്പുറം നിയതമായ ശമ്പളമുണ്ടായിരുന്നില്ല. ക്രിസ്തീയസഭകൾ പരത്തിവിട്ട ആതുരസേവനം എന്ന ആശയം അവരെ മയക്കിക്കിടത്തുകയും ചെയ്തു. എന്തെങ്കിലും ഒരു ജോലി എന്ന ആകർഷണത്തിൽ കേരളത്തിലെ പെൺകുട്ടികളാണ് ഏറെയും ഈ രംഗത്തേയ്ക്ക് ആകർഷിയ്ക്കപ്പെട്ടതും. ആശുപത്രികൾ ആകാശചുംബികളായതിനു ശേഷവും അധികൃതരുടെ ഈ പരിചാരികാസമീപനത്തിൽ മാറ്റമൊന്നും വരാത്തതാണ് ഇന്നത്തെ ഈ അസ്വസ്ഥതയ്ക്കുള്ള പ്രധാനകാരണം.

അതേസമയം നേഴ്സിങ്ങിന് പുതിയ മാനങ്ങൾ കൈവന്നു. ആയുർദൈർഘ്യം കൂടിയതുകൊണ്ട് വൃദ്ധജനങ്ങൾ പെരുകി. അണുകുടുംബത്തിലേയ്ക്കു ചുരുങ്ങിയ നമുക്കാവട്ടെ അവരെ പരിചരിയ്ക്കാൻ സമയവും സൗകര്യവുമില്ലാതായി. ഹോം നേഴ്സ് എന്ന പുതിയ ഒരു വിഭാഗം ഉണ്ടായി. എണ്ണമറ്റ വൃദ്ധസദനങ്ങൾ ഉയർന്നു വന്നു. ആശുപത്രികൾക്കു പുറമേ വീടുകളിലും വൃദ്ധസദനങ്ങളിലുമായി ലക്ഷക്കണക്കിനു വെള്ളയുടുപ്പുകാരെയാണ് ഇന്ന് ആവശ്യമായിരിയ്ക്കുന്നത്. അപ്പോഴാണ് നേഴ്സുമാർ തങ്ങളുടെ വിലയറിയാൻ തുടങ്ങിയതെന്നും തോന്നുന്നു. ഇത്രയും കാലം തങ്ങൾ വഞ്ചിയ്ക്കപ്പെടുകയായിരുന്നു എന്ന തിരിച്ചറിവ് അവരെ സമരത്തിന്റെ പാതയിലേയ്ക്ക് തള്ളിവിട്ടു. ഇനി അത് സമരത്തിനപ്പുറത്തേയ്ക്കുള്ള വഴിയിലേയ്ക്ക് നീങ്ങിയാലും അത്ഭുതപ്പെടാനില്ല. അത്രയ്ക്ക് ഇച്ഛാഭംഗമാണ് ഇപ്പോൾ അവർക്കിടയിൽ പടർന്നുപിടിച്ചിരിയ്ക്കുന്നത്.

''ഞങ്ങളുടെ ആശുപത്രിയിലെ ഭൂരിഭാഗം നേഴ്സുമാരും ഈ ജോലി മതിയാക്കാനുള്ള ഉദ്ദേശ്യത്തിലാണ്,'' ബെസ്സി പറഞ്ഞു. ''നേഴ്സ്-രോഗി അനുപാതം വളരെ കുറവാണ്. എനിയ്ക്ക് ഒരേസമയം പതിന്നാലു രോഗികളെ നോക്കണം. രാവിലെ എട്ടു മണിയ്ക്കു കയറിയാൽ രാത്രി എട്ടു വരെ പരക്കംപാച്ചിൽ തന്നെ. അതിനിടയ്ക്ക് എന്തെങ്കിലും കയ്യബദ്ധം പറ്റിയാൽ കഴിഞ്ഞു. എപ്പോഴും ടെൻഷനാണ്. ഞാനിങ്ങനെ മെലിഞ്ഞിരിയ്ക്കുന്നതു തന്നെ അതുകൊണ്ടാണ്.''

വർത്തമാനത്തിനിടയ്ക്ക് വണ്ടി സിഗ്നൽ കിട്ടാതെ പെരുവഴിയിൽ നിരങ്ങിനിന്നു. ആലോചനയിൽ മുഴുകി ബെസ്സി വീണ്ടും പുറത്തേയ്ക്കു നോക്കിയിരിപ്പായി. വേനലിൽ വരണ്ട ഭൂമി.

വണ്ടിയിലും ആരും ഒന്നും മിണ്ടിയിരുന്നില്ല. എല്ലാവരും ഉച്ചമയക്കത്തിലാണെന്നു തോന്നുന്നു. നിശ്ശബ്ദതയെ മുറിച്ചുകൊണ്ട് ബെസ്സിയുടെ മൊബൈൽ ഒന്നു കരഞ്ഞു. പപ്പാ എന്നു വിളിച്ച് ബെസ്സി സംസാരിച്ചു തുടങ്ങി.

''പപ്പയും മമ്മയും ബെസ്സിയുടെ വരവു കാത്ത് ത്രില്ലടിച്ചിരിയ്ക്കുകയാവും അല്ലേ?'' ഫോൺ സംഭാഷണം കഴിഞ്ഞപ്പോൾ ഞാൻ ചോദിച്ചു.

''നാളെ കണ്ണൂർ ജില്ലയിൽ പ്രൈവറ്റ് ബസ്സ് പണിമുടക്കമാണത്രേ,'' ബെസ്സി പറഞ്ഞു. ''അതു പറയാനാണ് പപ്പ വിളിച്ചത്. എന്റെ വീട് പേരാവൂരാണ്. ഓട്ടോ റിക്ഷയും കൊണ്ട് പപ്പ സ്റ്റേഷനിൽ വരാമെന്നു പറഞ്ഞു.''

വണ്ടി രത്നഗിരിയിലെത്തി. ഞങ്ങളുടെ ക്യൂബിക്കിളിലേയ്ക്ക് രണ്ടു യാത്രക്കാർ കൂടി വന്നു. ബെസ്സി തന്റെ ഐപോഡെടുത്ത് ഇയർ ഫോൺ ചെവിയിൽ തിരുകി ഒരറ്റത്തേയ്ക്ക് ഒതുങ്ങിയിരുന്നു. ചുവന്ന ടീഷർട്ടണിഞ്ഞ ഒരു കൂട്ടം ചെറുപ്പക്കാർ ഏതോ ബോഗിയിൽനിന്ന് തിക്കിത്തിരക്കി വന്ന് ഇരിപ്പിടങ്ങൾ കയ്യേറി പാട്ടുകൾ പാടാൻ തുടങ്ങി. കൊച്ചിയിലെ ഏതോ ഗാനമേള ട്രൂപ്പാണ്. ബോംബെയിലെ പരിപാടികൾ കഴിഞ്ഞുള്ള മടക്കം.

രാത്രിയായി. അത്താഴം കഴിച്ച് കിടക്കുമ്പോൾ വണ്ടി ഒരു മണിക്കൂറോളം വൈകിയാണ് ഓടുന്നതെന്ന് ഞങ്ങൾ കണ്ടെത്തി. ഒരുപക്ഷേ രാത്രിയോട്ടത്തിൽ സമയതാമസം പരിഹരിയ്ക്കാനും വഴിയുണ്ട്.

അതു ശരിയായി. രാവിലെയായപ്പോഴേയ്ക്കും വണ്ടി കൃത്യസമയത്തായിരുന്നു. തലശ്ശേരിയിലെത്തിയതും സമയത്തിനു തന്നെയായിരുന്നു. പ്ലാറ്റ് ഫോമിൽ ബെസ്സിയുടെ പപ്പ കാത്തുനിൽക്കുന്നുണ്ടായിരുന്നു. മെലിഞ്ഞു കുറുകിയ ആ മനുഷ്യൻ മകളെ കണ്ടപ്പോൾ സന്തോഷത്തോടെ കെട്ടിപ്പുണർന്ന് മൂർദ്ധാവിൽ ഉമ്മ വെച്ചു. ബെസ്സി എന്നെ പപ്പയ്ക്കു പരിചയപ്പെടുത്തി.

''ഇവൾ വല്ലാതെ ബോറടിപ്പിച്ചുവോ?'' ബെസ്സിയുടെ പപ്പ എന്നോടു ചോദിച്ചു. ''ആരെയെങ്കിലും കയ്യിൽ കിട്ടിയാൽ പണ്ടേ ഇവൾ അങ്ങനെയാണ്.''

ഞാൻ വെറുതെ ചിരിച്ചു. പപ്പാ, ഞാൻ നിശ്ശബ്ദം പറഞ്ഞു. ബെസ്സി നമ്മുടെ മാലാഖമാരിൽ ഒരാളാണ്. അനേകമനേകം ആതുരർക്ക് അഭയം കൊടുക്കേണ്ടവൾ. അവരുടെ വേദന ഒപ്പിയെടുക്കേണ്ടവൾ. അവർക്ക് കൈത്താങ്ങായിത്തീരേണ്ടവൾ. ഇവൾ പറയുന്നു ഈ ജോലി ഇവൾക്കു മടുത്തുവെന്ന്. ഇവൾ മാത്രമല്ല, ഇവളേപ്പോലെ കുറെയേറെ

പ്പേരും അതു തന്നെ പറയുന്നു. നോക്കൂ, ഈ മാലാഖമാർ എല്ലാവരും സ്വന്തം ജോലി ഉപേക്ഷിച്ചു പോയാൽ പിന്നെ നമുക്ക് ആരാണഭയം?

ഉത്തരമില്ല എന്നെനിയ്ക്കറിയാം. പക്ഷേ ഒന്നു നമ്മൾ അറിഞ്ഞേ തീരൂ. ആതുര സേവനം വെറും സേവനം മാത്രമല്ല. ദുരിതം പേറുന്ന ഈ ജീവിതയാത്രയിൽ നമ്മൾക്കൊപ്പം അവരും വേണം. ബെസ്സിയേപ്പോലുള്ളവരെ വേദനിപ്പിയ്ക്കാതിരിയ്ക്കേണ്ടത് നമ്മളാണ്. ഭൂമിയ്ക്ക് ഈ മാലാഖമാരുടെ കണ്ണുനീർ താങ്ങാനാവില്ല.

വണ്ടി പുറപ്പെടാനായി ചൂളം വിളിച്ചു. പപ്പ എന്റെ കൈപിടിച്ചു. ''ഇനിയും ഇതു പോലെ വണ്ടിയിലൊക്കെ വെച്ചു കാണാം,'' ബെസ്സി പറഞ്ഞു. വണ്ടിയിൽ വെച്ചു കണ്ടുമുട്ടുന്നവർ മണിക്കൂറുകൾക്കുള്ളിൽ പിരിയുമ്പോൾ പലരും പറയാറുള്ള സ്ഥിരം വാക്കുകൾ.

ബെസ്സീ, നിനക്കു നല്ലതു വരട്ടെ! വണ്ടിയിൽ തിരിച്ചു കയറുമ്പോൾ ഞാൻ നിശ്ശബ്ദമായി പറഞ്ഞു. കുറച്ചു സ്വാർത്ഥതയോടെയാണെങ്കിലും ആശംസിയ്ക്കുന്നു: നിനക്കും നിന്റെ അനുജനും ഈ ജോലിയിൽത്തന്നെ സന്തോഷത്തോടെ തുടരാനുള്ള ചുറ്റുപാടുകൾ ഉരുത്തിരിയട്ടെ.

നേത്രാവതി എക്സ്പ്രസ്സ് നീങ്ങിത്തുടങ്ങിയിരുന്നു.

**(അഷ്ടമൂർത്തി)**